


# DRIZZLE

THE DROPLETS OF CREATION

ST JOHN'S HIGHER SECONDARY SCHOOL KAVALANGAD

St Johns H.S.S Kavalangad

## Table of Contents


അച്ച കുക്കു....3
അമിത സ്നേഹം ആപത്ത്....4
അമ്മ....5
കുഞ്ഞി വര....6
അതിമോഹം വരുത്തിയ വിന....7
കുഞ്ഞി വര....8
എലിയും പൂച്ചയും....9
കുഞ്ഞി വര....10
കാർളയുടെ കഥ....11
കുഞ്ഞി വര....13
കുഞ്ഞിത്താറാവ്....14
കുഞ്ഞി വര....16
കുട്ടൻചേട്ടന്റെ മാവ്....17
കുട്ടനും കൂട്ടുകാരും....18
കുഞ്ഞി വരകൾ....19
കൂട്ടിലടച്ച തത്തമ്മ....20
മാതൃഭാഷ....21
മുത്തശ്ശിയും തത്തയും....23
നാടൻ പാട്ട്....25
ഒരു കൊച്ചു പൂച്ചയും പെൺകുട്ടിയും....26
പണ്ടുപണ്ടൊരു പ്രളയകാലത്ത്....27
SCIENCE....29
സ്നേഹമുള്ള അമ്മ....30
ഉണ്ണികുട്ടനും പാവകളും....31
THE PLEASURE OF GARDENING....32
കുഞ്ഞി വരകൾ....33

# അച്ചു കുക്കു

ഒരു ദിവസം കാട്ടിൽ ഇടിയും മഴയും വന്നു. കാറ്റു വീശി മഴ മാറിയപ്പോൾ ഒരു മരത്തിലെ നിറയെ പഴങ്ങളുള്ള കൊമ്പ് ഒടിഞ്ഞു വീണു. അത് കണ്ടു മൃഗങ്ങൾ അതെ എടുക്കാൻ ഓടി വന്നു .ആ കൂട്ടത്തിൽ അച്ചുവും കുക്കുവും ഉണ്ടായിരുന്നു കുക്കു വേഗം ചെന്ന് മര കൊമ്പ് കൈക്കലാക്കി ."ഹ !ഹ! ഇത് ആർക്കും തരില്ല !,"അവൻ പറഞ്ഞു "കുക്കു , പഴങ്ങൾ എല്ലാവർക്കും വീതംവെച്ച കഴിക്കാം അതാ നല്ലത്.അച്ചു പറഞ്ഞു .ഹും പഴങ്ങൾ ഞാൻ ഒറ്റക് ത്തിനും എന്നു പറഞ്ഞു കുക്കു വേഗം സ്ഥലം വിട്ടു എല്ലാം അവൻ ഒറ്റക്ക് തിന്നുകയും ചെയ്തു കുറച്ചു കഴിഞ്ഞപ്പോൾ കുക്കുവിൻ വയർ വേദന തുടങ്ങി ."ശ്ശെടാ, പഴങ്ങൾ എല്ലാം കൂടി കഴിച്ചതാണ് കുഴപ്പം അവൻ മനസിലായി .



അച്ചു കുക്കു


**ഗുണപാഠം**

**ആർക്കും കുടുക്കാതെ കഴിക്കരുത്**

# അമിത സ്നേഹം ആപത്ത്

ATHIRA BIJU


കാടിനടുത്തുള്ള ഗ്രാമത്തിൽ സുന്ദരിയായ ഒരു പെൺകുട്ടി അവളുടെ വൃദ്ധനായ അച്ഛനൊപ്പം താമസിച്ചിരുന്നു.കാട്ടിലെ രാജാവായ സിംഹത്തിന് അവളെ വിവാഹം കഴിക്കണമെന്ന് മോഹം തോന്നി.ഈ കാര്യം സിംഹം വൃദ്ധനെ അറിയിച്ചു.ക്രൂരനായ സിംഹത്തെ എതിർക്കുന്ന തെങ്ങനെ?.ആകെ സങ്കടത്തിലായാ വൃദ്ധൻ ഒരു ഉപായം തോന്നി."പ്രഭോ,അങ്ങയുടെ കൂർത്ത നഖങ്ങളും പല്ലുകളും കൊഴിച്ചു കളയുക യാണെങ്കിൽ എന്റെ മകളെ താങ്കൾക് വിവാഹം ചെയ്തു തരാം".വൃദ്ധൻ പറഞ്ഞ കാര്യം സിംഹത്തിനു സമ്മതമായിരുന്നു. അങ്ങനെ പല്ലുകളും നഖങ്ങളും കൊഴിച്ചു തിരികെ എത്തിയ സിംഹത്തെ വൃദ്ധനും മകളും ചേർന്ന് തല്ലിയൊടിച്ചു. അന്തമായ സ്നേഹം നന്നല്ലെന്ന പാഠം ആ സിംഹം പഠിച്ചു.



# അമ്മ

ASIN DAS


പിച്ചവെച്ച പൈതങ്ങൾ പോലും
കുഞ്ഞി ചുണ്ടാൽ വിളിച്ചു 'അമ്മ
എന്തിനും ഏതിനും 'അമ്മ
കുടുംബത്തിലെ ദേവിയാണെന്റെ 'അമ്മ
വിഷമം വന്നാലും കരയുകയാണെങ്കിലും
എന്തിനും ഏതിനും 'അമ്മ




Class : 6
Roll No : 22
Div : a

# അതിമോഹം വരുത്തിയ വിന

ഒരിടത്ത ഒരിടത്തു ഒരു കരടിക്കുട്ടി ഉണ്ടായിരുന്നു. അവൻ കട്ടിൽ ഒരു ഗുഹയിലായിരുന്നു അവന്റെ താമസം. അവന്റെ 'അമ്മ അവനെ ഗുഹക്ക് പുറത്തു കടക്കാൻ ഒരിക്കലും അനുവദിച്ചിരുന്നല്ല. പക്ഷെ കരടിക്കുട്ടന്കാട് കാണാൻ മോഹമായിരുന്നു.ഒരു ദിവസം അമ്മയും അച്ഛനും ഇര തേടി കാട്ടിലേക്ക് പോയ തക്കം അവൻ ഗുഹയിൽ നിന്നും പുറത്തിറങ്ങി.കരടിക്കുട്ടന് ഇതുവരെ കാണാത്ത പോലെ ആയിരുന്ന അവന്റെ കാഴ്ച.പൂത്തു നിൽക്കുന്ന പൂമരങ്ങൾ,സുഗന്ധം പരത്തുന്ന പൂക്കൾ,പച്ചപ്പ് നിറഞ്ഞ മരങ്ങൾ,ആടിയുലയുന്ന മരങ്ങളുടെ ചില്ലകൾ ഇതൊക്കെ അവനെ



അത്ഭുതപ്പെടുത്തി. കരടിക്കുട്ടന് തുള്ളിച്ചാടി കാടിനുള്ളിലേക്ക് പോകാൻ തുടങ്ങി.അപ്പോൾ അതാ...ഒരു മുള്ളൻ പന്നി അവന്റെ മുന്നിലേക്ക് ചാടി വീണു.അവൻ ആകെ പേടിച്ചു.മുള്ളൻപന്നി തന്റെ ശരീരം ഒന്ന് കുടഞ്ഞു .പാവം കരടിക്കുട്ടന്...മുള്ളൻ പന്നിയുടെ മുള്ളുകൾ അവന്റെ കയ്യിലും കാലിലും ഒക്കെ കുത്തി കയറി.അവൻ കരയാൻ തുടങ്ങി...............

അവന്റെ കരച്ചിൽ കേട്ട് അച്ഛനും അമ്മയും ഓടി വന്നു .തന്റെ മകനെ കണ്ടിട്ട് വളരെയേറെ വിഷമം ആയി.അവർ അവനെ വീട്ടിലേക്കു കൊണ്ടുപോയി ശുശ്രൂഷിച്ചു.'അമ്മ കരടിക്കുട്ടനോട് പറഞ്ഞു "ഞാൻ പറഞ്ഞതല്ലേ ഗുഹയിൽനിന്നും പുറത്തിറങ്ങരുതെന്ന്...ഞാൻ പറഞ്ഞത് കേട്ടിരുന്നെങ്കിൽ ഈ അവസ്ഥ ഉണ്ടാകുമായിരുന്നോ?" കരടിക്കുട്ടന് അമ്മയോട് പറഞ്ഞു "ഇനി ഞാൻ അമ്മയും അച്ഛനും പറയുന്നത് അനുസരിച്ചോളാം.

അങ്ങനെ കരടിക്കുട്ടനും കുടുംബവും സന്തോഷമായി ജീവിച്ചു.

ഗുണപാഠം:കൂട്ടുകാരെ...ഇതിൽ നിന്നും നമുക്ക് എന്ത് മനസിലാക്കാം...അച്ഛനും അമ്മയും പറയുന്നത് നമ്മൾ അനുസരിക്കുക.



By
Sindila

# എലിയും പൂച്ചയും

HADHIA

ഒരു മാർജരം വനഭ്രവിരിത്രിയിലിരയും തെണ്ടിനടക്കുന്നേരം
താരസാച്ചെന്നൊരുവലയിൽ ചാടി കരവും കാലും ഇളക്കാൻ
പരവശനപ്പോൾ ങ്യാവൂ ,ങ്യാവൂ കര വൂതും ചെയ്തു അവിടെ
വലഞ്ഞു അരികെയുള്ളൊരു പൊത്തിലിരിക്കും പെറുതായുള്ളൊരു
മൂഷികനപ്പോൾ അരികെയായുള്ളോരു പൂച്ച തടിയൻ
കരയുന്നതുകെട്ടൊന്ന വിരണ്ടു ഉരിയാടാതെ മുഖം കാട്ടുന്നതുമൊരു
കുറികണ്ടാൽ പൂച്ചയുമപോൾ ശ്രാദ്ധയോടു
വിളിച്ചാനവനെപരവശനായനാവൃഷിക  വീരാ!
വലയിൽ ചാടി വളഞ്ഞിതു ഞാനൊരു ഭയമില്ലാതെ മരിപ്പാറായി
എലിയും പൂച്ചയും മന്യോന്യം ബഹുകാലഹികളേന്നൊരുചോലതു
കൊള്ളാം കലഹംമെനിക്കുബാവാനോടിലതു നല്ലമൊടു
ബോധിക്കേണം വലയുടെ ചരട് കടിച്ചു മുറിപ്പാൻപല പല
കൗശലമാണ്ടുണ്ടല്ലോ  എലിഎന്നല  ബവാനൊരുദിശയിൽ
പുലിയേകാള്ളരിവമ്പനാകും  പലവിതമിങ്ങനെ മാർജന കൂടെ
പരവശ വാക്കുകേട്ടൊരുനേരം
എളിയത്ബോധിചരിക്കേണ്ണതാവലകണ്ടിപ്പൻവട്ടംകൂടി




പണ്ടുപണ്ടൊരു
വെള്ളപ്പൊക്കകാലത്ത്

# കാർളയുടെ കഥ

**GURUNISCHYA**

ജക്കാർ ഒരു പടം വരക്കാരനാണ്.അയാൾ കൊട്ടാരത്തിലാണ് ജനിച്ചത്.ഒരു ദിവസം ജക്കാർ കൊട്ടാരത്തിലെ മുറിയിൽ ഇരിക്കുമ്പോൾ ഒരു ശബ്ദം കേട്ടു.പുറത്തേക്ക് നോക്കിയപ്പോൾ ഒരു പെൺകുട്ടി...കല്യാണ പ്രായമായ അവളെ കണ്ടപ്പോൾ അയാളുടെ മനസ്സിന് ഒരു കുളിർമ തോന്നി.അവളെ വിവാഹം ചെയ്താലോ എന്ന അയാൾ ആലോചിച്ചു.പക്ഷെ അവൾ ആ കൊട്ടാരത്തിലെ ഒരു ജോലിക്കാരി ആയിരുന്നു.വളരെ പാവപ്പെട്ട കുടുംബത്തിലാണ് ജനിച്ചത ്.അവളുടെ പേര് ജിക്സി എന്നാണ്.ജക്കാർ ഈ കാര്യം അച്ഛനോടും അമ്മയോടുമൊപ്പറഞ്ഞപ്പോൾ അവർ ഈ കാര്യം നിസമ്മതിച്ച ു.ജക്കാറിനോട് ഇതിനെക്കാളും സുന്ദരിയായ ഒരു റാണിയെ വിവാഹം കഴിച്ചു തരാം എന്ന പറഞ്ഞു ...പക്ഷെ ജക്കാർ സമ്മതിച്ചില്ല.ഇവർ തമ്മിൽ പരിചയപെട്ടു.ജിപ്സിക്ക് ജക്കാറിനെ ഇഷ്ട്ടപെട്ടു.പക്ഷെ പാവപെട്ട കുടുംബത്തിലാണെന്ന ഓർക്കുമ്പോൾ ജിപ്സിക്ക് സങ്കടം ഉണ്ടാവുന്നുണ്ട ്.എല്ലാ എതിർപ്പിനെയും അവഗണിച്ചു അവർ ഒരിക്കൽ വിവാഹിതരായി.ജക്കാറിന്റെ 'അമ്മ ഇതുകേട്ട് പറഞ്ഞു "എനിക്ക് ഇങ്ങനൊരു മരുമകളെ വേണ്ട ,നീ ഇപ്പോൾ ഇവിടെ നിന്നും ഇറങ്ങുക".അച്ഛൻ പറഞ്ഞു "നിനക്ക് ഈ കൊട്ടാരത്തിൽ അവകാശവുമില്ല ,നീ എവിടെയെങ്കിലും പോ,ഒരിക്കലും ഈ പടി ചവിട്ടരുത്".അവർ വിഷമത്തോടെ അവിടെനിന്നും ഇറങ്ങി.



കൊട്ടാരത്തിനു അടുത്ത് തന്നെ ഒരു കുടിൽ നിർമ്മിച്ചു.അവർ അവിടെ താമസിച്ചു.കുറച്ചു വർഷങ്ങൾ കഴിഞ്ഞു അവർക്കു ഒരു കുട്ടി ജനിച്ച
ു.കണ്ടാൽ മാലാഖമാരെപ്പോലെ തന്നെയിരുന്നു.അത്ര ഭംഗിയാണ് അവളുടെ കണ്ണുകൾ.തിളങ്ങുന്ന രക്തം പോലെ അവളുടെ ചുണ്ട് ചുവന്നു തുടുത്ത ഇരിക്കുന്നു.ബ്രൂഡലാകാരമായ കവിൾ...പറയാൻ വാക്കുകളില്ല.കണ്ടാൽ അത്ഭുതപ്പെടുന്നു അഴക്.അവൾക്കൊരു പേരിട്ടു. ജക്കാറും ജിപ്സിയും അവൾക്കിട്ട പേരാണ് "കർള".അവൾ കുറച്ചു വലുതായി കാർളയ്ക്കു 'അമ്മ തുണിയിൽ ചിത്രം വരച്ച തുന്നുന്നത് പഠിപ്പിച്ചു.അവൾ അത് നന്നായി പേടിച്ചു.

കർള വളർന്നു കല്യാണ പ്രായമായി.അവൾക്ക് അച്ഛനും അമ്മയും മനോഹരമായ ഒരു ഉടുപ്പ് വാങ്ങിക്കൊടുത്തു.അതുകണ്ടപ്പോൾ അവൾക്കു സന്തോഷമായി.കുറെ കുട്ടികളെ അവർ ഈ തുന്നൽ പഠിപ്പിക്കുന്നുണ്ട്. ഒരു ദിവസം കാർളയോട് ഒരു മുത്തശ്ശി പറഞ്ഞു "നിനക്ക് വേണ്ടി ഒരു ജാറാകുമാരൻ കാത്തിരിക്കുന്നുണ്ട് ".അത് പറഞ്ഞ ആ മുത്തശ്ശി പോയി.പിറ്റേ ദിവസം അവൾ അവളുടെ രാജകുമാരനെ അവൾ കണ്ടു.രാജകുമാരനും കേരളയെ ഇഷ്ട്ടപ്പെട്ടു.രാജകുമാരന്റെ അച്ഛനും അമ്മയും പാവമാണ് അവർക്കു കർളയെ ഒരുപാട് ഇഷ്ട്ടമായി.അവർ വിവാഹത്തിന് സമ്മതിച്ചു.അവർ വിവാഹം കഴിച്ചു .രാജകുമാരൻ കാർളയെയും അവളുടെ അച്ഛനെയും അമ്മയെയും കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.കർള സന്തോഷമായി ജീവിക്കുന്നു.



# കുഞ്ഞിത്താറാവ്

SONA BIJU

ഒരു കുളക്കരയില് ഒരു സുന്ദരിയായ താറാവ് ഉണ്ടായിരുന്നു ആ സുന്ദരി താറാവ് അഞ്ചു മുട്ടയിട്ടു .സുന്ദരി താറാവ് ആ മുട്ടകളോട് ഒരു പാട്ടിലൂടെ ചോദിച്ചു .

"കുഞ്ഞി താറാവുകളെ
കുഞ്ഞി താറാവുകളെ
ഈ നിറമുള്ള പ്രകൃതി
നിങ്ങൾ കാണാൻ കൊതിയില്ലേ
കാണാൻ കൊതിയില്ലേ ''

ഇങ്ങനെ പാടിക്കൊണ്ട് ഇരിക്കുമ്പോള് നാല് മുട്ടകൾ അനക്കം. സുന്ദരിതാറാവ് കൊതിയോടെ നോക്കി നിന്നു.ആ നാല് മുട്ടകള് വിരിഞ്ഞു .നാല് മുട്ടകളുടെ ഇടയില് ഒരു മുട്ട ആരും കണ്ടില്ല.കുഞ്ഞി താറാവുകളെ കൊണ്ട് സുന്ദരിതാറാവ് പുഴക്കരയിൽ നീന്തി നീന്തിപ്പോയി .അങ്ങനെ നീന്തി പോയപ്പോഴാണ് ആ മുട്ട വിരിഞ്ഞത്.ഇത് ആരും കണ്ടില്ലാ .

ആ കുഞ്ഞി താറാവ് പുറത്തിറങ്ങി നോക്കിയപ്പോൾ ഇങ്ങനെ പറഞ്ഞു .ഹായ് എന്ത് രസം പക്ഷെ കുറച്ചു കഴിഞ്ഞപ്പോൾ കുഞ്ഞി താറാവിന് സകടം വന്നു .അമ്മയെ കാണാത്തതു കൊണ്ടായിരുന്നു.അവൻ കരഞ്ഞു വിളിക്കാൻ തുടങ്ങി.അമ്മെ അമ്മെ.അവിടെയൊരു പുഴ ഉണ്ടായിരുന്നു .പുഴ ചോദിച്ചു .കുഞ്ഞി താറാവ് എങ്ങോട്ടേക്കാപോകുന്നത്

കുഞ്ഞി താറാവ്:- എന്റെ അമ്മെ .കുഞ്ഞി താറാവ് വിചാരിച്ചു പുഴ തന്റെ അമ്മെയാണെന്ന്:-അമ്മെ അമ്മെ .പുഴ പാട്ടിലൂടെ കുഞ്ഞി താറാവിനെ മനസിലാക്കി .

''കുഞ്ഞി താറാവെ
കുഞ്ഞി താറാവെ
ഞാൻ നിന്റെ അമ്മയല്ല കേട്ടോ
ഞാൻ ഒരു പുഴുവാണ്.''

കുഞ്ഞി താറാവ് വീണ്ടും പുഴക്കരയിലൂടെ കരഞ്ഞു വിളിക്കാൻ തുടങ്ങി.അപ്പോൾ കുഞ്ഞി താറാവ് ഒരു മീനെ കണ്ടു.താറാവ് കരുതി അതും തന്റെ അമ്മയാണെന്ന് .അപ്പോൾ മീനിനോട് ''അമ്മെയമ്മേ '''അമ്മ ഇപ്പോൾ നീന്തി പോയതേയുള്ളു.അപ്പോൾ കുഞ്ഞി താറാവ് :-എന്നെ അമ്മയുടെ അടുത്ത് കൊണ്ടേ പോകാമോ ?

മീൻ :-വാ.

കുഞ്ഞി താറാവ് :-എന്നിക്കു നീന്താൻ അറിയില്ല .

മീൻ :-നീ നോക്ക്

കുഞ്ഞി താറാവ് അങ്ങനെ നീന്തി.കുഞ്ഞി താറാവിന്റെ അമ്മയെ കണ്ടു.സുന്ദരി താറാവിനും കുഞ്ഞി താറാവിനും വളരെ സന്തോഷിച്ചു പോയി







# കുട്ടൻചേട്ടന്റെ മാവ്

**AJMY K SALIM**

ഒരിടത്തൊരിടത്ത് ഒരു ഗ്രാമത്തിൽ കുട്ടൻ എന്നൊരു ചേട്ടൻ താമസിച്ചിരുന്നു.അദ്ദേഹം മരങ്ങളെയും, ചെടികളെയും ധാരാളമായി ഇഷ്ടപ്പെട്ടിരുന്നു. ഗുണമുള്ളവയെ മാത്രമേ അദ്ദേഹം നട്ടുവളർത്തിയിരുന്നുള്ളൂ.കുട്ടൻ ചേട്ടന്റെ വീട്ടിൽ രണ്ടു മാവുണ്ടായിരുന്നു.

ഒരു വസന്തകാലം...എല്ലാ മരങ്ങളും പൂത്തു സുഗന്ധം പരത്തി നിന്ന്.ഒരു മവവുമാത്രം പൂത്തില്ല.അവൻ തന്റെ കൂട്ടുകാരനോട് പറഞ്ഞു: "ഞാൻ എല്ലാ വർഷവും പൂത്തും കായ്ച്ചും നിന്നാൽ എന്നിക്കു എന്താ ഗുണം? എല്ലാം മുതലാളിക്കല്ലേ" .അത് കേട്ട് അവന്റെ ചങ്ങാതി പറഞ്ഞു :"അയ്യോ അത് വേണ്ട ".അവൻ അത് കേട്ട ഭാവം നടിച്ചില്ല. പീറ്റേന്നു കുട്ടൻ ചേട്ടൻ മരം വെട്ടുകാരാൻനേ ഏർപ്പാടാക്കി മാവ് മുറിച്ചുകളയാൻ പറഞ്ഞു.അത് കേട്ട് മാവ് തല താഴ്ത്തി

ഗുണപാഠം:നാം ചെയ്യണ്ട കാര്യാങ്ങൾ കൃത്യമായി തന്നെ ചെയ്തു തീർക്കണം. കൂട്ടുകാരോ, അധ്യാപകരോ,മാതാപിതാക്കളോ പറയുന്നത് അനുസരിക്കാതെ പോവരുത്,അത് നമുക്കു തന്നെ ആപത്തായി തീർന്നേക്കാം



# കുട്ടനും കൂട്ടുകാരും

HADHIYA NOUSHAD

കുട്ടൻ :ഏറെ വെളുപ്പിനുണർന്നിട്ട് എന്ത് പഠിച്ചുപൂങ്കോഴി?

കോഴി :ഒന്നാം പാഠം വായിച്ചു കൊക്കര കൊക്കര കോ കൊക്കോ

കുട്ടൻ :ഏറെ വെളുപ്പിനുണർന്നിട്ട് എന്ത് പഠിച്ചു കാക്കേ നീ?

കാക്ക :കാണാപാഠം ചൊല്ലി ഞാൻ കാക്കിരി -കിക്കിരി -കാ-കാ-കാ

കുട്ടൻ :ഏറെ വെളുപ്പിനുണർന്നിട്ട് എന്ത് പഠിച്ചു കുയിലമ്മേ?

കുയിൽ :പുതിയ ഒരുപാട്ട് പഠിച്ചു ഞാൻ ''കൂ-കൂ- കൂ- കൂ കൂകൂക്കൂ




God
is
love



# കൂട്ടിലടച്ച തത്തമ്മ

AJMY K SALIM

കൂട്ടിലടച്ച തത്തമ്മേ ....
കൊത്തിതിന്നാൻ  പോരുന്നോ....
പാലും പഴവും തിന്നുമടുത്തു ...
കുട്ടിലടച്ചിട്ടയ്യയോ...

കാടും നാടും  കാണാൻ  പോകാം...
തുള്ളിരസിച്ച് പറന്നീടാം ......
നല്ലൊരു  കൂട്ടം   കൂടുപോകാം....
വനം നോക്കി രസിച്ചീടാം ...

എങ്ങനെപോകും എങ്ങനെപോകും....
കൂട്ടിലായിപ്പോയില്ലേ...
സ്വപ്നം കാണാം സ്വപ്നം കാണാം....
എല്ലാം കണ്ട് ഉറങ്ങിടാം...



# മാതൃഭാഷ

SHIVANI SIVAN

മാതൃഭാഷ സംരക്ഷണം നാടിൻറെ സാംസ്കാരിക വളർച്ചക്ക് അനിവാര്യമാണോ ? മാതൃഭാഷ എന്ന് പറഞ്ഞാൽ അമ്മയുടെ ഭാഷ എന്നാണ് അർദ്ധം .ഒരു 'അമ്മ തന്റെ മകൾക്കു പകർന്നു കൊടുക്കുന്ന ഭാഷയാണ് മാതൃഭാഷ.ഒരു അമ്മയുടെ മാത്രമല്ല ഒരു നാടിൻറെ തന്നെ സംസ്കാരം പകർന്നുകൊടുക്കുന്നത് മാതൃഭാഷയിലൂടെയാണ് അതുകൊണ്ട്തന്നെ ഒരു നാടിൻറെ വളർച്ചാക്യാ അതിന്റെ മാതൃഭാഷ വളരെ അധികം പ്രാധാന്യം കല്പിക്കുന്നു.പുറത്തു നിന്ന് വരുന്ന ഏതൊരാളും ആ നാടിൻറെ സംസ്കാരം മനസിലാകുന്നത് അതിന്റെ മാതൃഭാഷയിലൂടെയാണ്

നമ്മുടെ മാതൃഭാഷയുടെ ആദ്യ ഭാഷ നിഘൺട്ടു പ്രസിദ്ധികരിച്ചതു ഇംഗ്ലീഷ്കാരനായ ഹെർമൻ ഗുണ്ടാർഡ് ആണ് ഇംഗ്ലീഷ് ലോകഭാഷയായതു അത് ഇംഗ്ലീഷ് ഭാഷക്കു വേണ്ടി നമ്മുടെ മലയാളം ഭാഷയെ തള്ളിക്കളയുന്ന കാഴ്ചയാണ് നാം ഇപ്പോൾ കാണുന്നത്.വള്ളത്തോള് പറഞ്ഞതുപോല്ലേ "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യപെറ്റമ്മ തൻഷാതാൻ".മറ്റുള്ള ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ളത് മാത്രമാണ്.നമ്മൾ ഓരോരുത്തരും മാസിലാക്കേണ്ട കാര്യം നമ്മൾ നമ്മുടെ ഭാഷ വിസ്മരിക്കുമ്പോഴാണ് അവിടെ ഒരു നാടിൻറെ തകർച്ച ഉണ്ടാവുന്നത്.ഹിറ്റ്ലറിൻറെ പടയോട്ടക്കാലത്തു ഹിറ്റ്ലർ ഒരു നാടിനെ തകർക്കാൻ വേണ്ടി ആ നാടിൻറെ വായനശാലതന്നെ ഉപയോഗിച്ചത് അതെ ഭാഷ തന്നെയാണ് ഏറ്റവും വലിയ ആയുധവും ഏറ്റവും വലിയ സംസ്കാരവും.ആ ഭാഷ തകർക്കാൻ പിന്നെ ഏതൊന്നിനെയും നിഷ്പ്രയാസം കീഴടക്കാൻ കഴിയും.

പണ്ട് ആഫ്രിക്കയിലല്ലേ ഒരു നാടിനെ തന്നെ ഇംഗ്ലീഷുകാർ കീഴടിക്കിയത് എങ്ങനെയാണ്.അതുകൊണ്ടു തന്നെ മാതൃഭാഷയുടെ വളർച്ച നാടിന്റെ സാംസ്കാരിക വളർച്ചക്കിയ അനിവാര്യമെന്നോ എന്ന് ചോദ്യത്തിന് ആവശ്യം തന്നെയില്ല. ഭാഷ തന്നെയാണ് സംസ്കാരം.ഭാഷയുടെ വളർച്ചതന്നെയാണ് സംസ്കാരത്തിന്റെ വളർച്ചയും.

എന്തിനെയും കച്ചവട ലാഭത്തോടെ നോക്കികാണുന്ന ഇന്നത്തെ തലമുറ അവരുടെ സംസ്കാരത്തിന്നോ മാതൃഭാഷകയോ വില കല്പിക്കുന്നില്ല ഒരു നാടിൻറെ വളർച്ച മാത്രമല്ല ഓരോ മനുഷ്യന്റെയും ജീവന്റെയും വളർച്ചക്ക് കാരണമായ ഭാഷ ഏതൊരുവന്റെയും രക്തത്തിൽ അലിഞ്ഞുചേരാടത്താണ് .



# മുത്തശ്ശിയും തത്തയും

ATHIRA BIJU

പണ്ടു പണ്ട് താത്തയുടെ ചുണ്ടിന് പച്ച നിറമായിരുന്നത്രെ തത്ത ചുണ്ട് ചുവന്നതിന് പിന്നിലൊരു കഥയുണ്ട് . ആകഥ കേട്ടോളൂ

പണ്ടു പണ്ട് കാടിനടുത്തുള്ള ഒരു വീട്ടിൽ ദയാലുവായ ഒരു മുത്തശ്ശി താമസിച്ചിരുന്നു അവർ വലിയ ഈശ്വര ഭക്ത ആയ്യിരുന്നു പക്ഷികൾക്കും മൃഗംഗൾക്കും ഒക്കെ ആ മുത്തശ്ശിയെ വലിയ ഇഷ്ടമായിരുന്നു അങ്ങനെയിരിക്കെ മുത്തശ്ശിക്ക് എന്തോ ഒരു രോഗം പിടിപെട്ടു പല മരുന്നുകളും കഴിച്ചിട്ടും രോഗം മാറിയതേയില്ല അപ്പോഴാണ് ഒരു മൂങ്ങ വൈദ്യൻ മുത്തശ്ശിയെ കാണാൻ വന്നു മുത്തശ്ശിയെ പരിശോധിച്ച മൂങ്ങ വൈദ്യൻ പറഞ്ഞു ദിവസം പത്തു അത്തിപ്പഴം വീതം തിന്നണം എന്നാൽ മുത്തശ്ശിയുടെ രോഗം മാറും പക്ഷെ എന്തുചെയ്യാൻ ആ കട്ടിൽ ഒരിടത്തും അത്തിപ്പഴം കിട്ടാനില്ല കടലിന് അക്കരെയുള്ള ഏതോ കാറ്റിൽ അത്തിപ്പഴം കിട്ടാനുണ്ടെന്ന് കേട്ടിട്ടുണ്ട് പക്ഷെ അവിടം വരെ ആര് പോകും ?

പക്ഷികള്ക്കെ ഇക്കാര്യത്തില് എന്തെകിലും ചെയ്യാനാവും കാട്ടിലെ സിംഹരാജാവ് പറഞ്ഞു പക്ഷെ അങ്ങ് ദൂരെയുള്ള കട്ടിൽ നിന്ന് അത്തിപ്പഴം കൊണ്ടേ വരാൻ ഒരു പക്ഷിയും തയാറായില്ല അപ്പോൾ നല്ലവളായ തത്തമ്മ മുന്നോട്ട് വന്നു അവൾ അപ്പോള് തന്നെ കടലിനക്കരയുള്ള കാട്ടിലേക്ക് പറന്നു . വൈകാതെ പത്തു അത്തിപ്പഴം കൊണ്ട് വന്നു മുത്തശ്ശിക്ക് കൊടുക്കുകയും ചെയ്തു ദിവസങ്ങളോളം ഇത് ആവർത്തിച്ചു വൈകാതെ മുത്തശ്ശിയുടെ രോഗവും കുറഞ്ഞുപോയി പത്താം ദിവസമായപ്പോഴേക്കും തത്തമ്മ ക്ഷീണിച് അവശനായി ഇത് കണ്ട മുത്തശ്ശിക്ക് സങ്കടം താങ്ങാനായില്ല മുത്തശ്ശി മടിയിൽ ഇരുത്തി പതുകെ ഒന്ന് തലോടിയതോടെ തത്തമ്മയുടെ ക്ഷീണം എല്ലാം മാറി അപ്പോഴാണ് മുത്തശ്ശി അത് ശ്രേദ്ധിച്ചത് അത്തിപ്പഴം കൊത്തി കൊത്തി തത്തമ്മയുടെ ചുണ്ട് ചുവന്നിരിക്കുന്നു .

'തത്തമ്മേ മറ്റാരും കാണിക്കാത്ത സ്നേഹമാണ് നീ എന്നോട് കാണിച്ചത് .ഈ സ്നേഹത്തിന്റെ തെളിവായി ഇന്നുമുതല് നിന്റെ വർഗക്കാരുടെ ചുണ്ട് ചുവന്ന് ഭംഗിയുള്ളതാവട്ടെ എന്ന് ഞാൻ ഇശ്വരനോട് പ്രാർത്ഥിക്കാം. 'ഇങ്ങനെ പറഞ്ഞ മുത്തശ്ശി തത്തമ്മയെ അനുഗ്രഹിച്ചു അന്നുമുതലാണത്രെ തത്ത ചുണ്ടിന് ചുവപ്പ് നിറം കിട്ടിയത്.

# നാടൻ പാട്ട്

VIJAY AJAYAN



നിലാവിൻ വെളിച്ചത്തിൽ  നീലാകാശത്തിൽ

അമ്പിളിമാമന്റെ  കൂടെത്തിളങ്ങും ചെറുമണി താരാഗമേ ...(2 )

തക  തക  താതിനന്തികാതെയതാരോ

തക തിനന്ദക  തെയ്യത്തരോ

താ തിനന്ദക തക തിനന്ദക തെയ്യത്തരോ ...(2  )

ആകാശ വിധിതോറും മിന്നി നടക്കുന്ന താരകമേ

മിന്നി തിളങ്ങി പ്രഭാതമാകുമ്പോൾ മറയുന്നതെന്തിനാണോ (2  )

തക തക താതിനന്ദക തെയ്യത്തരോ

തക തിനന്തകാ തെയ്യത്തരോ

താ തിനന്തകാ തകത്തിനന്തകാ തകത്തിനന്തകാ  തെയ്യത്തരോ (2 )

ചന്ദ്രനുദിച്ചിട്ടുമ്പോൾ  മിന്നിത്തിളങ്ങുന്ന  താരകമേ

മിന്നിത്തിളങ്ങികൊണ്ടെല്ലാരും നോക്കിച്ചിരിക്കുന്ന താരകമേ (2 )

തക തക താതിനന്ദക  തെയ്യത്തരോ

തക തിനന്ദക  തെയ്യത്തരോ

തക തിനന്ദക തക തിനന്ദക തക തിനന്ദക  തെയ്യത്തരോ

ചന്ദ്രന്റെ  തോഴിമാരായി ....

മിന്നിത്തിളകുന്ന താരകമേ....

പശ്ചിമചന്ദ്രന്റെ ഉഞ്ചത്താലിയേറ്ററങ്ങുന്ന താരകമേ

പാതിരാനേരത്തു മിന്നിത്തിളകുന്ന താരകമേ (2 )

തക തക താ തിനന്ദക തെയ്യത്തരോ

തക തിനന്തകാ തെയ്യത്തരോ

താ  തിനന്ദക തക തിനന്തകാ

തക തിനന്ദക തെയ്യത്തരോ(2 )

# ഒരു കൊച്ചു പൂച്ചയുംപെൺകുട്ടിയും

SONA BIJU

ഒരു ദിവസം ഒരു ഗ്രാമത്തിൽ ഒരു കൊച്ചു പൂച്ചയുണ്ടായിരുന്നു .ആരും ഉണ്ടായിരുന്നില്ല. ആരും ഉണ്ടാരുന്നില്ല അത് കൊച്ചു പൂച്ചക്ക് .അങ്ങനെ പാവം പൂച്ച നടന്ന് പോകുമ്പോൾ ഒരു കുട്ടിയെ കണ്ടു. ആ കുട്ടിക്ക് ആ പൂച്ചയെ വളരെ ഇഷ്ടമായി .ആ കുട്ടി അവളുടെ അമ്മയോട്ആ കൊച്ചു പൂച്ചയെ വേണമെന്ന് വാശി പിടിച്ചു .അങ്ങനെ അവളുടെ 'അമ്മ പൂച്ചയെ വാങ്ങീ .പെൺകുട്ടിക്ക് വളരെ സന്തോഷമായി ആ പൂച്ചയെ വീട്ടിൽ കൊണ്ടേ പോയി അങ്ങനെ ആ പൂച്ചക്ക് വേണ്ടത് എല്ലാം നൽകി. ആ പൂച്ചക്ക് അവളുടെ അച്ഛൻ മനോഹരമായൊരു വീട് ഉണ്ടാക്കി .ആ പൂച്ചക്കും ആ പെൺകുട്ടിക്കും വളരെ സന്തോഷമായി.അങ്ങനെ അവർ സുഖമായി സന്തോഷിച്ചു ജീവിച്ചു

# പണ്ടുപണ്ടൊരു പ്രളയകാലത്ത്

ഇതുപോലൊരു മഴക്കാലമായിരിക്കും പക്ഷെ ഒഴുക്ക് ഇതുപോലെയാകില്ല. കിഴക്കംതുകുകളിൽ നിന്നും കുത്തിയൊഴുകി മണ്ണും മരങ്ങളും വലിച്ചു വാരി സംഹാരതാണ്ഡവത്തിടെ ഹുംകാരത്തോടെ സമതലത്തിലൂടെ പാഞ്ഞ കടലിലേക്ക് ഒഴുകിയ പോഴയുടെ ഒരു കാലം.വിഖ്യാതമായ മുസിരിസ് തുറമുഖത്തിന്റെ അന്ത്യംകുറിച്ചതു അത്തരമൊരു പ്രളയമായിരിക്കാം. ഇടതടവില്ലാതെ ആഴ്ചകൾ നീണ്ടു പെയ്ത കരിമഴകാലം ചെളിയും മണ്ണും വന്നടിഞ്ഞു നദിമുക്കത്തു കപ്പലുകൾക്കു അടുക്കനാവാതെ കച്ചവടം നശിച്ച മഹത്തായൊരു കാലത്തിന്റെ അവസാനം...

677 വര്ഷം പിന്നോട്ടു പോകണം കണ്ടതോ കേട്ടുപറഞ്ഞുതരാൻ ആരുമില്ല ഒന്നും രേഖപെടുത്തിയുട്ടുമില്ല.എല്ലാം അനുമാനങ്ങൾ മാത്രം.ചരിത്രവും അങ്ങനെ ആണ് പങ്കുവെക്കുന്നത്.മുസിരിസ് തുറമുഖം ഒരു പ്രളയത്തിൽ മുങ്ങിപ്പോയി.ക്രമേണ കൊച്ചിയിൽ തുറമുഖം ഉണ്ടായി.പെരുമഴയുടെ പ്രളയത്തിൽ പെരിയാർ രണ്ടായി പിരിഞ്ഞു.കൊടുങ്ങല്ലൂരിലേക്കും കൊച്ചിയിലേക്കും 99 -ലെ വെള്ളപ്പൊക്കത്തെക്കുറിച്ചു ഓർമ്മയുള്ളു. മൂന്നാറിനേയും സമീപ നാടുകളെയും ആഴ്ചകളോളം മുക്കിക്കളഞ്ഞ വെള്ളപ്പൊക്കം കൊല്ലവര്ഷക്കാനാക്കാന് 99 എന്നത്.1099 ,1924 ,ജൂലൈ പതിനേഴിന് തുടങ്ങിയ മഴയായിരുന്നു.അത് അന്നാഴ്ച ഇടത്തരമില്ലാതെ പെയ്ത മഴ.അതേപോലെയാണ് ഇപ്പോഴും കാലം ഏറെ മാറിയതിനാൽ മുസരീസ് തുറമുഖം നിലനിന്നത് ഇടുക്കിയിൽനിന്നുള്ള സുഗന്ധവ്യഞ്ജനം വ്യാപാരത്തിലായിരുന്നു.കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിയിലാണ് ഇടുക്കിയിൽ കുടിയേറ്റം ഉണ്ടായതെന്നതും ജനവാസം ഉണ്ടായതെന്നുമുള്ള നമ്മുടെ ധാരണയിരുത്തൽ ആവശ്യപ്പെടുന്ന ഒരു കാര്യമാണിത്.കുടിയേറ്റക്കാർക്ക് മുൻപും ഇടുക്കിയിൽ ജനവാസം ഉണ്ടായിരുന്നുവെന്നും ചരിത്രവസ്തുക്കൾ സൂചന നൽകുന്നു.പെരിയാറിന്റെ ഇരു കരകളിലും വലിയ ജനപഥങ്ങളുണ്ടായിരുന്നു. അതിനു അപ്പുറത്തേക്ക് കാടുകളും മുസരീസ് തുറമുഖത്തിന്റെ നാശം കുറിച്ച പ്രളയത്തിൽ ആ ജനപദങ്ങളും നശിച്ചുപോയിട്ടുണ്ടാവാം.പിന്നീടുള്ള സമീപകാല ചരിത്രമാണ് ഇടുക്കി കുടിയേറ്റം.ഇടുക്കി ജില്ലയുടെ പല ഭാഗങ്ങളിൽ നിന്ന് പ്രാചീന ഇരുമ്പയുഗ അവശിഷ്ടങ്ങൾ

കണ്ടെത്തിയിട്ടുണ്ട്. ഇവിടത്തെ സുഗന്ധവ്യഞ്ജനങ്ങളും വനവിഭവങ്ങളുമാണ് മുസരീസിനെ ലോകത്തെ പ്രധാന തുറമുഖമായി നിലനിർത്തിയത്.ചരിത്രം അങ്ങനെ ഉറപ്പിക്കുന്നതല്ല.മറിച്ചൊന്നും ആധികാരികമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇപ്പോൾ അറിയുന്നത് തന്നെ ചരിത്രം. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ക്രിസ്തുവർഷം 1341 ൽ ആയിരുന്ന ആ പ്രളയം.കിഴക്കൻ മലകളിൽനിന്നും ഇടനാട്ടില്നിന്നും പെരുമഴകളിൽ കുത്തിയൊലിച്ച വെള്ളം ഇടക്കെവിടെയോ പെരിയാറിന്റെ ദിശ മാറ്റി .അതല്ലെങ്കിൽ ചെളിയും മണ്ണും നിറഞ്ഞു തുറമുഖം നികന്നുപോയിരിക്കാം. കപ്പലുകൾക്ക് അടുക്കനാവാതെ മുസിരിസ് തുറമുഖം ഇല്ലാതായിട്ടുണ്ടാവാം. പ്രളയം മൂലമാണ് മുസിരിസ് തുറമുഖം ഇല്ലാതായെന്നതിനു തെളിവുകളിലൊന്നും ലഭിച്ചിട്ടില്ലെന്നും അതിനാൽ ഈ കാര്യം ആധികാരികമായി പറയാനാവില്ലെന്നും പട്ടണം ഗവേഷണ പദ്ധതിയുടെ ഡയറക്ടർ ആയിരുന്ന dr പി ജെ ചെറിയാൻ പറയുന്നു.ഇത് സംബന്ധിച്ച ആകെയുള്ള സൂചന പതിനാലാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ ലോകസഞ്ചാരി ഇബ്ന ബത്തൂത്തയിൽ നിന്നാണ്.കൊച്ചിയും കൊടുങ്ങല്ലൂരും ഒഴിവാക്കിയാണ് അദ്ദേഹം സഞ്ചരിച്ചത്.ഭൂമിശാസ്ത്രംപരമായ ഏതോ കൊള്ളിലാകമ്മന് അതിനു കാരണമെന്ന് അനുമാനിയ്ക്കും.ഒരു പക്ഷെ സുനാമിയായിരിക്ക്യം മുസിരിസ് തുറമുഖത്തെ ഇല്ലാതാക്കിയത് ഇതിനെകുറിച്ചും പഠനം നടത്തുന്നുണ്ട്.മൂവായിരം വർഷത്തോളം ദൈർഘ്യമുള്ള ചരിത്രത്തിലെ അഞ്ചു നോറ്റാണ്ടോളം നീണ്ടുനിന്ന എട് മാത്രമാണ് മുസിരിസ്. പട്ടണത്തിന്റെ മാണ്അടരുകളിൽ പ്രളയത്തിന്റെ ഒരു സൂചനയുമില്ല.നൂറ്റാണ്ടുകളിൽ അടരുകൾ അടരുകളായി മനുഷ്യവാസത്തിന്റെ ശേഷിപ്പുകൾ മണ്ണിലുണ്ടാവും.പ്രളയമാണെങ്കിൽ ചില സാധനങ്ങൾ ഈ അടരുകളിൽ കൂത്തന്നെ നില്കും.അതും ഉണ്ടായിട്ടില്ല.ഒരു കാര്യത്തിൽ മാത്രമാണ് ഉറപ്പ്,പെരിയാർ ഗതിമാറി ഒഴുകിയിട്ടുണ്ട്.പ്രളയമോ സുനാമിയോ ഭൂചലനമോ അതിനു കരണമായിട്ടുണ്ടാകാം.സ്വാഭാവികത തുറമുഖകളെന്നും അഞ്ചു നൂറ്റാണ്ടിനു അപ്പുറം നിലനിൽക്കാൻ സാധ്യത കുറവാണ്.നദിമുഖത്തു മണ്ണിടഞ്ഞു സ്വാഭാവികമായി ഇല്ലാതാവും. ഇന്നത്തെപോലെ ഡ്രയ്ജിങ് സംവിധാനം അന്നില്ലായിരുന്നു.

# SCIENCE

ANANTHAKRISHNAN S

STUDY OF INSECTS -ENTOMOLGY

STUDY OF HUMAN SOCIETY -SOCIOLOGY

STUDY OF BIRDS -ORNITHOLOGY

STUDY OF SOUND -ACOUSTICS

STUDY OF VINUSES -VINOLOGY

STUDY OF EARTHQUAKES -SEISMOLOGY

STUDY OF HEAVENLY BODIES -ASTRONOMY

STUDY OF HUMAN AND ANIMALS BEHAVIOUR -PSYCHOLOGY

STUDY OF SPACE TRAVEL -ASTNOMATICS

STUDY OF BONES -OSTEOLOGY

STUDY OF CRIMES AND CRIMINALS-CRIMINOLOGY

STUDY OF BLOOD -HOEMUTOLOGY

STUDY OF SOIL -PEDOLOGY

STUDY OF NERVOUS SYSTEM -NEUROLOGY

STUDY OF SLEEP -HIPNOLOGY

# സ്നേഹമുള്ള അമ്മ

RASHMI T R

ഒരു സ്ഥലത്തു ഒരു അമ്മയും കുഞ്ഞും ഉണ്ടായിരുന്നു.ആ കുഞ്ഞു ജന്മനാ കുരുടനായിരുന്നു.അമ്മക്ക് ആ സങ്കടം സങ്കടം സഹിക്കാൻ വയ്യാതായി.'അമ്മ സ്വന്തം കണ്ണ് സ്വന്തം മകന് കൊടുത്തു.മകന് ഇതറിയില്ലായിരുന്നു.അമ്മക്ക് കണ്ണ് കാണാതെയായി.അങ്ങനെ മകൻ വളർന്നു.ഒരു ദിവസം മകന്റെ ക്ലാസിൽ എത്തി 'അമ്മ. അവനെ എല്ലാവരും കളിയാക്കി.നിന്റെ 'അമ്മ എന്താ ഇങ്ങനെ കുരുടതിയാണല്ലോ'. അങ്ങനെ ഒത്തിരി കളിയാക്കി പരിഹസിച്ചു.ഇത് അവനെ ഒത്തിരി വേദനിപ്പിച്ചു. അമ്മയോട് ആ മകൻ പറഞ്ഞു. '''അമ്മ ഇനി ഈ സ്കൂളിൽ വരണ്ട ...എല്ലാവരും എന്നെ കളിയാക്കുന്നു.'' 'അമ്മ ഇത് കേട്ടപ്പോൾ ഒത്തിരി സങ്കടപ്പെട്ടു. അങ്ങനെ അവൻ വളർന്നു നല്ലൊരു ജോലിയിൽ പ്രവേശിച്ചു ഒത്തിരി ശമ്പളം വാങ്ങിക്കാൻ തുടങ്ങി.വിദേശത്തു ജോലി ചെയ്തു ശമ്പളം അമ്മക്ക് അയക്കും. വീട്ടിൽ 'അമ്മ മാത്രമായി.ഒന്ന് വിളിച്ചു അന്വേഷിക്കാൻ അവൻ തയ്യാറാകുന്നില്ല.പണം മാത്രം അയക്കും.അവൻ അവിടെ വിവാഹം കഴിച്ചു കുട്ടികളുമായി അവിടെ സുഖമായി ജീവിക്കുന്നു. ഒരുദിവസം ഒരു ഫോൺ കാൾ വന്നു.'അമ്മ മരിച്ചു എന്നായിരുന്നു.മകൻ നാട്ടിലെത്തി.അവസാനമായി ഒന്ന് കാണുവാനോ സംസാരിക്കുവാനോ കഴിഞ്ഞില്ല.എല്ലാം കഴിഞ്ഞ ശേഷം വീട്ടിനുള്ളിൽ കയറി അലമാര തുറന്നു അലമാരയിൽ അവന്റെ ഷിർട്ടുകളും പാന്റുകളും അലക്കി മടക്കി വെച്ചിരിക്കുന്നു.അമ്മയുടെസാരി വെറുതെ ഇട്ടിരിക്കുന്നു.എല്ലാ ദിവസവും 'അമ്മ തന്റെ മകന്റെ ശരത് കെട്ടിപിടിച്ചു കരയും.ശേഷം ഡയറി അവൻ വായിച്ചു.''എന്റെ കണ്ണ് എന്റെ മകന് കൊടുക്കുന്നതിൽ എനിക്ക് സന്തോഷമേ ഒള്ളു.എന്റെ ഒരു അവയവം എന്റെ ശരീരത്തുനിന്നു അറ്റുപോയത്എന്റെ മകന് വേണ്ടിയാണല്ലോ എന്നതിൽ എനിക്ക് സന്തോഷമേ ഒള്ളൂ.''

മകൻ ഒത്തിരി സങ്കടപ്പെട്ടും അമ്മയെ ഓർത്തു കരഞ്ഞും നിലവിളിച്ചു.ഇത്ര സ്നേഹമുള്ള എന്റെ അമ്മയെ ഞാൻ തള്ളിപ്പറഞ്ഞു.ആ അമ്മയുടെ കണ്ണുകൾ കൊണ്ടാണ് ഞാൻ ഇതുവരെ എത്തിയത്.ആ അമ്മയെ ഞാൻ നോക്കിയില്ല,സംരക്ഷിച്ചില്ല,ഞാൻ കുറ്റപ്പെടുത്തി.ഇത്രവലിയ സ്നേഹമുള്ള അമ്മയെ എനിക്ക് തന്നതിൽ ഞാൻ സന്തോഷിക്കുന്നു.ഞാൻ വളരെ സങ്കടപ്പെടുന്നുണ്ട്.''അമ്മയാണ്''ഏറ്റവും വലിയ സ്നേഹം.എത്രമാത്രം കഷ്ട്ടപ്പെട്ടു എന്നെ വളർത്തി വലിയതാക്കിയ ആ അമ്മയെ ഞാൻ സംരക്ഷിച്ചില്ല.

# ഉണ്ണികുട്ടനും പാവകളും

**ATHIRA BIJU**

ഉണ്ണിക്കുട്ടന് ജന്മദിനത്തിന്
കിട്ടീ പാവകൾ അഞ്ചെണ്ണം
ഒന്നാം പാവ ,കരടിപ്പാവ
കണ്ണു മിഴിച്ച് നടക്കുന്നു
രണ്ടാം പാവ കോഴിപ്പാവ
മൂന്നാം പാവ പൂച്ച പാവ
ങ്യാവൂ ങ്യാവൂ മോങ്ങുന്നു
നാലാം പാവ  തത്ത പാവ
തത്തി തത്തി നടക്കുന്നു
അഞ്ചാം പാവ സിംഹ പാവ
ഗർ ഗർ എന്ന് മുരണ്ടപ്പോൾ
പാവകളൊക്കെ പേടിച്ചോടി

# THE PLEASURE OF GARDENING

**TESSIYA SUNNY**


Mikku was a hard-wording mole one day he got some seedings of corn and other vegetables:mikku thought.

Mikku ploughed his field.and planted the seedlings.He watered them regularly. after some moths all all plants bore vegetables. Mikku was happy to see them.He plucked big pumkings, turnips, carrotsandmany others vegetables.

Then,mikkuharvested the corn and vegetables fields.'I will make a vegetables soup with all this fresh produce. Then. I will invite my friend poppy porcupine ti a delicios dinner,mikku decided

Mikku made vegetable soup and invited poppy ,over."Haven't ever drunk such tasty soup,"poppy said."That is the magic of fresh vegetables saplings to get fresh and whilesome vegetables,"poppy said.Mikku congratulated poppy for this wise decision.

# കുഞ്ഞിവരകൾ














## സന്ദേശം

സെൻ്റ് ജോൺസ് എച്ച് എസ് എസ് കവളങ്ങാട് സ്കൂളിലെ ലിറ്റിൽ കൈറ്റ്സിൻ്റ നേതൃത്ത്വത്തിൽ 'DRIZZLE'എന്ന പേരിലുള്ള ഡിജിറ്റൽ മാഗസിൻ എന്ന ആശയം യാഥാർഥ്യമാകുന്നതിൽ വളരെ സന്തോഷം.വിദ്യാർത്ഥികളുടെ സാഹിത്യപരവും, കലാപരവുമായ കഴിവുകൾ സമൂഹവുമായി പങ്കുവയ്ക്കാൻ കഴിയുന്ന ഇത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹനജനകമാണ് .ഇതിൻ്റെ അണിയറയിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എൻ്റെ അഭിനന്ദനങ്ങൾ.

**Soji Philip**
**Headmistress**